(സി) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട ആകെ 107965 കുടുംബങ്ങളിൽ 82970 കുടുംബങ്ങൾക്ക് റേഷൻകാർഡ് ഉണ്ട്. റേഷൻകാർഡ് ഇല്ലാത്ത കുടുംബങ്ങൾക്ക് വകുപ്പിന്റെ എല്ലാ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളും നൽകി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിൽ കൂട്ടുകുടുംബ വ്യവസ്ഥ നിലവിലുള്ളതുകൊണ്ട് വ്യക്തിഗത റേഷൻകാർഡ് നൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് നിലവിലുണ്ട്. റേഷൻ കാർഡ് ഇല്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം കൂടുതലുള്ള മേഖലകളിൽ ക്ഷേമ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവിതരണ വകുപ്പുമായി ചേർന്ന് പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് റേഷൻകാർഡ് നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ റേഷൻകാർഡ് ഇല്ലാത്ത കുടുംബങ്ങളിൽനിന്ന് ഈ കാര്യത്തിലേയ്ക്കുള്ള അപേക്ഷാ ഫോമുകളും അനുബന്ധ രേഖകളും അതാത് കുടുംബങ്ങളിൽനിന്നും പ്രൊമോട്ടർമാർ മുഖേന ശേഖരിച്ച് അതാത് ജില്ലകളിലെ പൊതുവിതരണ വകുപ്പിന് നൽകിവരുന്നുണ്ട്. ടി കാര്യത്തിൽ കർശന നിർദ്ദേശം എല്ലാ ജില്ലാ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

**അതിവേഗ റെയിൽപ്പാത**

28(*208) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അതിവേഗ റെയിൽപാതകളുടെ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുകൂല നിലപാട് ഉണ്ടായിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് സ്ഥല ലഭ്യത സംബന്ധിച്ച പ്രശ്നങ്ങൾ, തടസ്സം സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ&ബി) തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽവേ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഏജൻസിയായ ഡി.എം.ആർ.സി. സർവ്വേ നടപടികൾ നടത്തിവരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് ഡി.എം.ആർ.സി. മൂന്ന് മാസത്തിനകം സംസ്ഥാന സർക്കാരിന് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ ഈ പദ്ധതി സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഉണ്ട്. അതിവേഗ റെയിൽവേ പദ്ധതിയുടെ സർവ്വേ നടപടികളുടെ പ്രാരംഭഘട്ടത്തിൽ പദ്ധതി കടന്നുപോകുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രദേശങ്ങളിലെ ജനങ്ങൾ ആശങ്ക പ്രകടിപ്പിച്ചിരുന്നു. ഇത് അകറ്റുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെയും യോഗങ്ങൾ നടത്തുകയുണ്ടായി.

## നിർമ്മാണ വ്യവസായ മേഖലയിലെ പ്രതിസന്ധി

29(*209) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ വ്യവസായ മേഖല സ്തംഭനാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ മേഖലയുടെ പ്രതിസന്ധിക്ക് പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണ വ്യവസായ മേഖലയെ പ്രതിസന്ധിയിൽനിന്ന് കരകയറ്റുന്നതിന് സർക്കാർ നിലപാടിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly